"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പള്ളിക്കുറുപ്പ്, ശബരി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത ഡബ്ള്യൂ. പി(സി ) നം. 1772/2022- മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 24.01.2022 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2304/2022/GEDN തീയതി,തിരുവനന്തപുരം, 07-04-2022

---

പരാമർശം:-

1. പാലക്കാട് പള്ളിക്കുറുപ്പ്, ശബരി ഹയർ സെക്കന്ററി സ്കൂൾ മാനേജരുടെ 07/01/2022 ലെ പുന: പരിശോധനാ ഹർജി(Ext P8).
2. ബഹു. കേരള ഹൈക്കോടതിയുടെ 24.01.2022-ലെ ഡബ്ള്യൂ . പി ( സി ) നം . 1772/2022 മേലുള്ള വിധിന്യായം.
3. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 02/03/2022 ലെ ബി6/18025/2021 നമ്പർ കത്ത്.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/03/2022 ലെ ബി3/308/2022നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് പള്ളിക്കുറുപ്പ്, ശബരി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത ഡബ്ള്യൂ. പി(സി ) നം. 1772/2022 മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച എക്സിബിറ്റ് P8 പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരനെയും 5-ാം എതിർ കക്ഷിയായ ടി സ്കൂൾ പ്രഥമാദ്ധ്യാപികയെയും കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 05.03.2022-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

2. ഹർജിക്കാരന്റെ വാദം ചുവടെചേർക്കുന്നു.

"എ) ശബരി ഹയർസെക്കണ്ടറി സ്കൂൾ പള്ളിക്കുറുപ്പ്, മണ്ണാർക്കാട്, പാലക്കാട് ഏതാണ്ട് ഒരു നൂറ്റാണ്ട് പഴക്കമുള്ള സ്കൂളാണ്. ഇപ്പോൾ ഈ സ്ഥാപനം നടത്തിവരുന്നത് ശബരി ചാരിറ്റബിൾ ട്രസ്റ്റാണ്. ഡിപ്പാർട്ട്മെന്റ് പരീക്ഷാ യോഗ്യത നേടിയ അദ്ധ്യാപിക ആയതിനാലും സീനിയർ അദ്ധ്യാപിക ആയതിനാലും സാമൂഹ്യശാസ്ത്രം അദ്ധ്യാപികയായ ശ്രീമതി. കെ.ഹരിപ്രഭ(അഞ്ചാം എതിർകക്ഷി) 2017 ൽ പ്രധാന അധ്യാപികയായി നിയമിതയായി. ആയതിനാൽ തന്നെ അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ സെക്രട്ടറിയായി ഹയർസെക്കണ്ടറി നിലവിൽ വന്നതോടുകൂടി 2018 സെപ്റ്റംബർ മുതൽ ശ്രീമതി. ഹരിപ്രഭ ഖജാൻജി സ്ഥാനത്തേക്ക് മാറി.

ബി) രക്ഷാകർത്തൃസമിതിയുടെ എല്ലാ രേഖകളുടെയും കണക്കുകളുടേയും സൂക്ഷിപ്പ് ശ്രീമതി. ഹരിപ്രഭ തന്നെയായിരുന്നു. ഗവൺമെന്റ് ഉത്തരവുകൾക്ക് വിരുദ്ധമായി രക്ഷാകർത്തൃ സമിതിയുടെ എല്ലാ കണക്കുകളും രേഖകളും സ്വയം കൈവശം വെയ്ക്കാൻ ഇവർ പ്രത്യേക താൽപര്യം കാണിച്ചിരുന്നു. നിരവധി തവണ പി.ടി.എ യോഗത്തിൽ കണക്കുകൾ അവതരിപ്പിക്കാൻ ശ്രീമതി. ഹരിപ്രഭയോട് ആവശ്യപ്പെട്ടിട്ടും വിമുഖത കാണിക്കുകയാണ് ഉണ്ടായത്. കൃത്യമായ കണക്കുകളോ രേഖകളോ തയ്യാറാക്കിയിട്ടില്ല എന്നു മാത്രമല്ല, വരവുചെലവുകളെക്കുറിച്ച് വലിയ അവ്യക്തത സൃഷ്ടിച്ച് അംഗങ്ങളെ മുഴുവൻ ഇരുട്ടിൽ തപ്പിക്കുന്ന നിലപാടാണ് ടീച്ചറിൽ നിന്നും ഉണ്ടായത്. കണക്കുകളും രേഖകളും കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കാനും വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് നടത്താനും നിരവിധി തവണ ആവശ്യപ്പെട്ടിരുന്നു. തുടർന്നുള്ള സൂക്ഷ്മ പരിശോധനയിൽ ശ്രീമതി. ഹരിപ്രഭ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിരുന്നില്ല എന്നു മാത്രമല്ല, പി.ടി.എ.ക്ക് ലഭിച്ച പ്രധാന വരവുകൾ ഒന്നുംതന്നെ പി.ടി.എ.യുടെ ബാങ്ക് അക്കൗണ്ടിൽ കൃത്യമായി നിക്ഷേപിച്ചിരുന്നില്ല എന്നും ബോദ്ധ്യപ്പെട്ടു. ഈ കാര്യം പി.ടി.എ പരാതിയായി മാനേജറെ അറിയിച്ചിട്ടുണ്ട്.

സി) പിന്നീട് 19/11/2021 ൽ ശ്രീമതി. ഹരിപ്രഭ സമർപ്പിച്ച അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ക്യാഷ് ബുക്കിന്റെ ഒട്ടുമിക്കപേജുകളും റദ്ദാക്കുകയും മാറ്റംവരുത്തുകയും ഇല്ലായ്മ ചെയ്യുകയും വെട്ടിത്തിരുത്തുകയും ചെയ്ത മട്ടിലായിരുന്നു. 19/11/2021ന് ക്യാഷ് ബുക്കുകളും കണക്കുകളും ശ്രീമതി. ഹരിപ്രഭയാണ് കൈമാറിയത് എന്നതിൽ നിന്നുതന്നെ അതുവരെ ഈ വ്യക്തിതന്നെയാണ് കണക്കുകളും ക്യാഷ്ബുക്കും കൈകാര്യം ചെയ്തിരുന്നത് എന്ന സത്യം ബോദ്ധ്യപ്പെടുന്നതാണ്.

ഡി) ടി.സി.യും മറ്റും നൽകുമ്പോൾ കുട്ടികളിൽ നിന്നും പണം പിരിക്കുന്നതിനായി "വാട്ട്സ്ആപ്പിലൂടെ" അദ്ധ്യാപകർക്ക് നിർദ്ദേശം നൽകുക പതിവായിരുന്നു. ഈ വിവരം കാണിച്ച് അദ്ധ്യാപകരും പി.ടി.എ പ്രതിനിധികളും മാനേജ്മെന്റിന് പരാതി നൽകിയിട്ടുണ്ട്. 24/08/2021 ലെ പി.ടി.എ മിനിട്ട്സ് പരിശോധിച്ചാൽ ഇത് ബോദ്ധ്യമാകും. അദ്ധ്യാപകരോട് മോശമായും വിവേചനപരമായും പെരുമാറുന്നു എന്ന നിലയിലുള്ള ധാരാളം പരാതികളും മാനേജർക്ക് ലഭിച്ചിട്ടുണ്ട്. ശ്രീമതി. ഹരിപ്രഭ പ്രവൃത്തിസമയത്തിന് ഏറെ വൈകിവരികയും നേരത്തെ പോകുകയും ചെയ്യുന്നത് പ്രശസ്തമായ ഈ സ്ഥാപനത്തിനും അതുവഴി മാനേജ്മെന്റിനും അപമാനകരവും അച്ചടക്കലംഘനവുമാണെന്ന പരാതിയും ലഭിച്ചിട്ടുണ്ട്. മാനേജർ വാക്കാൽ ഇതേക്കുറിച്ച് അന്വേഷിച്ചപ്പോൾ സ്ഥാന മേധാവിക്ക് ചേരാത്ത രീതിയിലുള്ള അപ്രസക്തവും ധിക്കാരപരവുമായ മറുപടിയാണ് ലഭിച്ചത്.

ഇ) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ അച്ചടക്ക നടപടികൾക്ക് വിധേയമായി ശ്രീമതി. ഹരിപ്രഭയെ അന്വേഷണ വിധേയമായി 18/11/2021 മുതൽ മാനേജർ വേല വിലക്ക് ഏർപ്പെടുത്തി. ശ്രീമതി. ഹരിപ്രഭയുടെ കുറ്റകൃത്യങ്ങൾ വ്യക്തമാക്കുന്ന കുറ്റപത്രം 23/11/2021 ന് നൽകുകയും ചെയ്തു. വേലവിലക്ക് മെമ്മോയും കുറ്റപത്രവും കുറ്റാരോപണ മെമ്മോയും പരിശോധിച്ചാൽ തന്നെ നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങൾ വളരെ വ്യക്തമാകും. വേലവിലക്ക് ഉത്തരവിലും കുറ്റാരോപണ മെമ്മോയിലും പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ ഈ നോട്ടിന്റെ ഭാഗമായി വായിക്കേണ്ടതാണ്.

എഫ്) കെ.ഇ.ആറിലെ റൂൾ 67ലെ XIV എ പ്രകാരം മാനേജ്മെന്റ് നടത്തിയ വേലവിലക്ക് മെമ്മോയും കുറ്റപത്രവും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചു. തുടർന്ന്

പ്രസ്തുത ഓഫീസിൽ നിന്നും 15 ദിവസത്തിലധികം വേലവിലക്ക് വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്നതിനായുള്ള പ്രാഥമിക അന്വേഷണത്തിനുള്ള അറിയിപ്പ് 22/11/2021 ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും (ശ്രീമതി. ഹരിപ്രഭ, പി.ടി.എ പ്രസിഡന്റ്, പി.ടി.എ വൈസ് പ്രസിഡന്റ്, മാനേജർ, അദ്ധ്യാപകർ നൽകി. ഇതിൻ പ്രകാരം 25/11/2021 ന് വിദ്യാഭ്യാസ ഉപഡയറക്ടറുമായുള്ള മുഖാമുഖത്തിൽ ക്യാഷ്ബുക്ക് പൂർത്തിയായിട്ടില്ല എന്ന ശ്രീമതി ഹരിപ്രഭയുടെ പ്രസ്താവന വിദ്യാഭ്യാസ ഉപയറക്ടർ രേഖപ്പെടുത്തുകയും കണക്കുകൾ സൂക്ഷിക്കുന്നതിൽ ശ്രീമതി. ഹരിപ്രഭ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. മാത്രമല്ല, 2020-21 വർഷത്തിലെ ടി.സി വാങ്ങിയ എസ്.എസ്.എൽ.സി കുട്ടികളിൽ നിന്നും അനധികൃതമായി പണം പിരിച്ചിരുന്നതും ആയതിനായി വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ ആവശ്യപ്പെട്ടിരുന്നതും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ബോദ്ധ്യപ്പെട്ടതാണ്. കുറ്റപത്രത്തിലെ ആരോപണങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകുന്നതിൽ ശ്രീമതി. ഹരിപ്രഭ പരാജയപ്പെട്ട എന്ന വസ്തുതയും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ 15 ദിവസത്തിലധികം ശ്രീമതി. ഹരിപ്രഭയുടെ വേലവിലക്ക് നീട്ടണം എന്ന നിഗമനത്തിലേക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ എത്തിച്ചേർന്നതിന്റെ ഭാഗമായി 15 ദിവസത്തിലധികം വേലവിലക്ക് തുടരാമെന്ന ഉത്തരവ് 01/12/2021 ന് മാനേജർക്ക് നൽകി. അന്നേദിവസം തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർ പി.ടി.എ യുടെ കണക്കുകളും രേഖകളും 09/12/2021ന് സ്കൂളിൽ വന്ന് പരിശോധിക്കുന്നതിനായി ഒരു അന്വേഷണ സംഘത്തെ നിയമിക്കുകയും ചെയ്തു.

ജി) നിർഭാഗ്യവശാൽ ഈ സംഘം മാനേജർ, പി.ടി.എ അംഗങ്ങൾ, അദ്ധ്യാപകർ എന്നിവരെ കേൾക്കുന്നതിനേക്കാളും ശ്രീമതി. ഹരിപ്രഭയെ കേൾക്കാനാണ് പ്രത്യേക താർപര്യം കാണിച്ചത്. കണക്കുകൾ, രേഖകൾ എന്നിവയിലുള്ള ഗുരുതരമായ കൃത്യവിലോപം ഇവർ കണക്കിലെടുത്തില്ല എന്നുമാത്രമല്ല ശ്രീമതി. ഹരിപ്രഭക്ക് ക്യാഷ്ബുക്ക്, വൗച്ചറുകൾ, മറ്റ് രേഖകൾ എന്നിവ പുനർനിർമ്മിച്ച് ചാർത്തപ്പെട്ട കുറ്റങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള അവസരം ഒരുക്കികൊടുക്കുകയുമാണ് ഉണ്ടായത്. തീർത്തും പക്ഷപാതപരമായി മേൽപറഞ്ഞ അന്വേഷണ സംഘം നടത്തിയ പരിശോധനക്കെതിരായി മാനേജർ വിദ്യാഭ്യാസ ഡയറക്ടർക്ക് 13/12/2021ന് പരാതി നൽകി. വിദ്യാഭ്യാസ ഉപഡയറക്ടർ, സെക്രട്ടറി (പി.ടി.എ) മാനേജർ, എച്ച്.എം.ഇൻചാർജ്ജ്, ശ്രീമതി. ഹരിപ്രഭ എന്നിവരോട് ഓഡിറ്റ് ചെയ്ത റിപ്പോർട്ട് സമർപ്പിക്കാൻ 16/12/2021 ലെ ഉത്തരവിൽ വ്യക്തമാക്കി. പക്ഷെ, പി.ടി.എ പ്രസിഡന്റിന്റെ സഹോദരന്റെ ഗുരുതരമായ അസുഖം മൂലം നിർദ്ദിഷ്ട സമയത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കാനും റിപ്പോർട്ട് സമർപ്പിക്കാനും കഴിഞ്ഞില്ല. അതേ സമയം മാനേജർ പ്രസ്തുത കണക്കുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു.

എച്ച്) ഈ സാഹചര്യത്തിൽ തീർത്തും അപ്രതീക്ഷിതമായി, മതിയായ കാരണങ്ങൾ ഒന്നുമില്ലാതെതന്നെ 06/01/2022ന് നൽകിയ ഉത്തരവിൻ പ്രകാരം വേല വിലക്ക് നീക്കി സർവ്വീസിൽ തിരിച്ചെടുക്കണമെന്നും അന്വേഷണങ്ങൾ തുടരണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ചു. പ്രാഥമിക അന്വേഷണത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കണ്ടെത്തിയ ഗുരുതരമായ വീഴ്ചയുടെ അടിസ്ഥാനത്തിൽ 01/12/2021 ന് ശ്രീമതി. ഹരിപ്രഭയുടെ വേലവിലക്ക് 15 ദിവസത്തിലധികം നീട്ടാൻ ഉത്തരവ് നല്കിയിരുന്നത്. എന്നാൽ 06/01/2022 ലെ ഉത്തരവിൽ പി.ടി.എ ഓഡിറ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടത്തിയില്ല എന്നും ഇത് വേല വിലക്ക് തുടരാനുള്ള മതിയായ കാരണമല്ല എന്നും ആയതുകൊണ്ട് ശ്രീമതി. ഹരിപ്രഭയെ സർവ്വീസിൽ തിരിച്ചെടുക്കണമെന്നും ഉത്തരവായി. കെ.ഇ.ആർ റൂൾ അദ്ധ്യായം XIV ലെ റൂൾ

67(8എ) പ്രകാരം ആണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. 01/12/2021 ലെ ഉത്തരവ് നിലനിൽക്കേയാണ് 06/01/2022 ലെ സർവ്വീസിൽ തിരിച്ചെടുക്കാനുള്ള ഉത്തരവ് വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയത്. ശ്രീമതി. ഹരിപ്രഭ നിരപരാധിയാണെന്ന് തെളിയിക്കുന്നതിന് സ്പഷ്ടമായ തെളിവുകളോ പ്രത്യേക സംഭവ വികാസങ്ങളോ നിയമപരമായ അന്വേഷണങ്ങളോ ഒന്നും ഇല്ലാത്ത സാഹചര്യത്തിലാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഈ നടപടി ആയതിനാൽ 06/01/2022 ലെ ഉത്തരവിന് യാതൊരു നിയമ സാധുതയുമില്ല.

ഐ) ശ്രീമതി. ഹരിപ്രഭയുടെ സ്വഭാവമനുസരിച്ച് അവരെ സർവ്വീസിൽ പുന:.പ്രവേശിപ്പിച്ചാൽ സ്കൂളിൽ അവർക്കെതിരായ തെളിവുകളെല്ലാം നശിപ്പിക്കപ്പെടുമെന്നും ഈ അന്വേഷണം അർത്ഥശൂന്യമാകുമെന്നും ഇതിനാൽ ബോദ്ധ്യപ്പെടുത്തിക്കൊള്ളുന്നു. കുറ്റകൃത്യങ്ങൾ ഏറെ ഗൗരവമുള്ളതിനാലും ശ്രീമതി. ഹരിപ്രഭയുടെ അധാർമ്മികരീതികളും കണക്കിലെടുത്ത് അന്വേഷണത്തിൽ നിരപരാധിത്വം തെളിയുന്നതുവരെ വേല വിലക്ക് റദ്ദാക്കുന്നത് അഭിലഷണീയമല്ല. വേലവിലക്ക് നീക്കുന്ന പക്ഷം അത് അധ്യാപകർക്കിടയിൽ, തെറ്റു ചെയ്താലും നിയമനടപടികളിൽനിന്നും രക്ഷപ്പെടാനാകുമെന്ന തെറ്റായ സന്ദേശം പ്രചരിപ്പിക്കപ്പെടുമെന്ന് മാത്രമല്ല സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന അധ്യാപകരുടെയും ജീവനക്കാരുടെയും ആത്മവിശ്വാസത്തെ തകർക്കുന്നതിനും ഇടയാകും.

ജെ) മേൽപറഞ്ഞ കാരണങ്ങളാൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/01/2022 ന് പുറപ്പെടുവിച്ച ഉത്തരവ് നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ല. കുറ്റപത്രത്തിലും ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ടിലും ശ്രീമതി. ഹരിപ്രഭ നടത്തിയ വരവ് ചെലവ് കണക്കുകളിലെ ക്രമക്കേടുകൾ വളരെ വ്യക്തമാണ്. 6,00,316 രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. എല്ലാറ്റിനും ഉപരിയായി ഗവൺമെന്റ് ഉത്തരവുകളുടേയും കെ.ഇ.ആറിലെ നിയമങ്ങളുടേയും നഗ്നമായ ലംഘനവും നടന്നിട്ടുണ്ട്. പൊതുഫണ്ടിൽ ക്രമക്കേട് നടത്തുന്നത് വളരെ അധാർമ്മികവും കുടിലവുമായ കുറ്റ കൃത്യമാണ്. ആയത് മന:പൂർവ്വം ചെയ്ത വ്യക്തി എന്ന നിലയിൽ ഒരു സ്ഥാപന മേധാവിയായി ഇരിക്കാൻ ശ്രീമതി. ഹരിപ്രഭ യോഗ്യയല്ല. ഈ സാഹചര്യത്തിൽ ശ്രീമതി. ഹരിപ്രഭയെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചാൽ ബന്ധപ്പെട്ട കണക്കുകളും രേഖകളും സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ അവസരം ലഭിക്കുകയും അതുമൂലം എല്ലാ തെളിവുകളും എന്നെന്നേക്കുമായി നശിപ്പിക്കപ്പെടുകയും ചെയ്യും അത് വരാനിരിക്കുന്ന നിഷ്പക്ഷമായ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കും. അങ്ങേക്ക് സമർപ്പിച്ച ക്യാഷ്ബുക്കിൽ നിന്ന് തന്നെ മുമ്പ് എഴുതിയ കണക്കുകൾ റദ്ദാക്കി പുതിയ കണക്കുകൾ രേഖപ്പെടുത്തി എന്ന കാര്യം വ്യക്തമാണ്. സ്വയരക്ഷക്കായി എല്ലാ കുടില പ്രവൃത്തികളും ചെയ്യാൻ മടിക്കാത്ത വ്യക്തിയാണ് ശ്രീമതി. ഹരിപ്രഭ എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മുകളിൽ പ്രസ്താവിച്ച ഇത്തരം സാഹചര്യങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിൽ 06/01/2022 ന് ശ്രീമതി. ഹരിപ്രഭയുടെ വേല വിലക്ക് നീക്കംചെയ്ത് പുന:പ്രവേശിക്കുവാൻ നിർദ്ദേശിക്കുന്ന പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് റദ്ദാക്കുകയും അന്വേഷണം പൂർത്തിയാകുന്നതുവരെ ശ്രീമതി. ഹരിപ്രഭയുടെ വേലവിലക്ക് തുടരുന്നതിന് മാനേജർക്ക് അനുമതിയും നൽകണമെന്ന് ഇതിനാൽ അപേക്ഷിച്ചുകൊള്ളുന്നു."

3. അഞ്ചാം എതിർകക്ഷി(ശ്രീമതി. ഹരിപ്രഭ)യുടെ വാദം ചുവടെ ചേർക്കുന്നു.

" 1. 5th respondent was suspended as per Order dated 18/11/2021 which was served

to her on 19/11/2021 on the crux of allegation was that she did not maintained PTA Cash book for the period of 2019-2020 and not presented the accounts before PTA.

2. As per Guidelines issued by the Govt. for functioning of PTA as per letter dated 25/06/2007, following are mentioned:

a. Para 1.4 : Audit teams is to be from among the parents i.e two members elected by the 1st meeting of the General Body.

b. Para 1.5 : In the 3rd meeting of General Body accounts are to be audited and presented in the General Body and to be approved.

c. Para 2:5: In Higher Secondary Schools, Principal will be the Ex Officio Secretary and the HM will be Ex Officio Treasurer.

d. Para 3.11 Cash Books, Ledger Minutes Book, Stock Register are to be prepared by the Ex officio Secretary with the aid of Ex officio Treasurer and to maintain the same under the responsibility and custody of Ex Officio Secretary.

e. Para 3.12 : Audit has to be conducted by the 2 member body as stated in para 1.4 Additionally it can also be by the DD, RDD, AEO, Etc.

3. Suspension order has been issued by the Manager for 15 days only and the 3rd respondent conducted a preliminary inquiry as per his notice dated 22/11/2021. Thereafter on an erroneous finding that the 5th respondent failed to prepare cash book for the year 2019-2020 and she could not present the same to the PTA in a credible manner, the 3rd respondent issued an Order dated 01/12/2021 permitting the petitioner to extend the suspension beyond 15 days. The petitioner by virtue of this order was duty bound to issue consequential orders extending the suspension beyond 15 days and this has not done by him rendering the suspension order become void after completion of 15 days.

4. In the meantime, the 3rd respondent also issued an order on the same day i.e on 01/12/2021 detailing an audit committee from his office to conduct and audit/examination of PTA funds for the year 2019-2020 in consonance with para 3.12 of PTA Guidelines. They conducted audit/examination of accounts in the presence of all stake holders and submitted their report to the 3rd respondent.

5. On the basis of the report submitted by the internal audit committee, the 3rd respondent came to know that PTA guidelines were not adhered by the petitioner and as mentioned in Guidelines. Therefore, he issued an Order dated 16/12/2021 directing the petitioner, Principal and HM in-charge to convene PTA executive Committee, General Body and to present discuss the accounts as per PTA Guidelines and to submit a report to the

3rd respondent within 7 days. The Principal was assigned with the responsibility of convening of meetings and to prepare accounts and the 5th respondent was directed to assist the Principal for preparing accounts. It was reiterated that Govt. Guidelines in functioning of PTA has to be followed strictly.

6. Subsequently, Principal issued a notice dated 23/12/2021 to the 5th respondent to attend School on 24/12/2021. On 24/12/2021, the 5th respondent presented herself in the school but she was not allowed to assist the principal.

7. Directions issued by the 3rd respondent as per his letter dated 16/12/2021 was not implemented by the petitioner and other authorities and instead they sent a letter dated 28/12/2021 to the 3rd respondent stating that they require more time for submitting compliance by citing the reason that brother of PTA president is admitted in the Hospital.

8. Since the petitioner and School authorities were not implementing directives of the 3rd respondent as per his order dated 16/12/2021 and it was revealed that the petitioner and School authorities are violating PTA, Guidelines, the 3rd respondent reviewed suspension in respect of the 5th respondent by virtue of sub rule 8 A of Rule 67 Chapter XIV of KER and issued order dated 06/01/2022 directing the petitioner to re-instant the 5th respondent back in service and to submit compliance within 10 days.

9. Order dated 06/01/2022 has been issued after taking all pros and cons of the matter and the 3rd respondent is competent to review suspension at any time as mandated in sub rule 8 A of Rule 67 Chapter XIV of KER. No illegality has been committed by the 3rd respondent.

10. Since order dated 06/01/2022 has been not implemented, the 5th respondent sent letter dated 17/01/2022, 18/01/2022 and 19/01/2022 to the petitioner, 3rd respondent and to the 2nd respondent.

11. As per Sub Rule 8A of Rule 67 of Chapter XIVA, if the Manager is not reinstating the HM conditions laid down in Rule 8 will apply.

8A. Notwithstanding anything contained in sub-rule (8) the authority who permitted the suspension beyond 15 days or any higher authority may at any time during the pendency of such suspension, review such permission and if such authority is satisfied that the teacher under suspension has to be reinstated in service for reasons to be recorded in writing cancel the permission already ordered under sub-rule (8) and direct the Manager to reinstate the teacher in service. On such order, the Manager shall reinstate the teacher forthwith failing which the provisions in sub-rule (8) will apply in such case).

8. If the teacher is not actually reinstated the teacher shall be deemed to have been

on duty. It shall then be open to the Department to disburse the pay and allowances to the teacher as if her were not suspended and recover the amount so disbursed from the manager.

12. However, the 3rd respondent had not taken any action in accordance with the provisions contained in Sub Rule 8 & 8A and the petitioner is continuing on illegal suspension beyond the initial 15 days.

13. In the meantime, the petitioner without approaching the 2nd respondent who is the next higher authority than the 1st respondent approached the 1st respondent by filing a revision petition dated 07/01/2022. Immediately he filed WP No. 1772/2020 seeking stay of order dated 06/01/2022 issued by the 3rd respondent. However the Hon'ble High Court not acceded his prayer to stay and disposed the WP itself with the following directives.

3. Accordingly, there will be a direction to the 1st respondent to consider and pass appropriate orders on Ext. P8, as expeditiously as possible, at any rate, within a period of three months from the date of receipt of copy of this judgment. The petitioner shall also be at liberty to file a stay petition in the said revision. If such a stay petition is filed, the same shall also be considered in a time bound manner, after granting an opportunity of hearing to the parties concerned including the 5th respondent. The writ petition is disposed of as above.

14. The Hon'ble High Court specifically ordered that any action on the stay petition has to be taken after hearing the parties concerned. However, it is learned that an order dated 21/02/2022 has been passed by the authorities to keep order dated 06/01/2022 in abeyance till the dated of hearing.

15. Audit report dated 13/01/2022 is illegal and irregular as there is no provision in PTA Guidelines to conduct a private audit by the manager. The figures given are fabricated by the Manager for serving his interest. The 3rd respondent was never consulted for the audit. Another report submitted with the letter 21/01/2022 by the Principal to the 3rd respondent is also irregular as the same is not an audit report within the meaning of PTA Guidelines.

16. It is stated in letter dated 21/01/2022 that General Body could not be conducted due to "Covid Conditions". Previously the reason mentioned in letter dated 28/12/2021 was "health condition of the brother of the PTA President" and it is Covid conditions. There is no ban presently by the Govt. for conducting PTA meeting by abiding COVID-19 protocol.

17. Admittedly directives contained in order dated 16/12/2021 has not been implemented by the petitioner and the School Authorities. Admittedly there is no PTA Audit as per Guidelines by 2-member committee from the parents or there is no General Body. The petitioner is not implementing PTA Guidelines and creating a smoke screen with projected

figures in the audit report conducted privately which is not authorised.

18. 5th respondent is having one more year of service left. Her husband is an end stage cancer patient fighting the illness. Charge Memorandum dated 23/11/2021 has been issued in a most ambiguous way. No complaints stated in the charge is provided to the 3rd respondent. When COVID protocols mandated for work from home, it is alleged that the 3rd respondent not maintained school timings.

19. Despite submitting a detailed reply dated 07/12/2021, no steps has been adopted by the petitioner to conduct regular inquiry and the same is tactfully delayed to resume in the last lap of may service with vindictive attitude. Charge relating to PTA fund were framed even without convening General Body and audit as per guidelines.

20. Presently, the 5th respondent is on illegal suspension on the following grounds:

a. No extension order of suspension after obtaining approval from the 3rd respondent has been issued by the petitioner. The initial suspension was only for 15 days on completion of the same, without an extension order not served to the 5th respondent, suspension become void after expiry of 15 days.

b. It is obvious that no PTA guidelines were followed by the petitioner and the School Authorities in the functioning of PTA.

c. Order dated 16/12/2021 was not implemented by the petitioner. To circumvent the same, he is now bringing up illegal audit reports privately for which he is not authorised.

d. Order dated 06/01/2022 cannot be kept in abeyance without hearing the 3rd respondent.

e. 3rd respondent had not taken any action for implementing his order for revocation as contained in Rule 8 & 8A.

21. The petitioner may be directed to reinstate the petitioner from the date on which 15 days period expired and also directed to release the pending subsistence allowance. Pending Disciplinary proceedings may be completed within 3 months."

4. വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കണ്ടറി സ്കൂളിൽ പ്രധാനാദ്ധ്യാപികയായി ജോലി ചെയ്യുന്ന ശ്രീമതി. കെ.ഹരിപ്രഭക്കെതിരെ സ്കൂൾ പി.ടി.എ പ്രസിഡന്റ്, പി.ടി.എ വൈസ് പ്രസിഡന്റ്, ചില അദ്ധ്യാപകർ എന്നിവർ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ സാമ്പത്തിക ക്രമക്കേടും, അച്ചടക്കരാഹിത്യവും ഉന്നയിച്ചുകൊണ്ട് ശ്രീമതി.

ഹരിപ്രഭ.കെ.യെ മാനേജർ 18/11/2021 ലെ Discp/A1/21 നമ്പർ ഉത്തരവ് പ്രകാരം 15 ദിവസത്തേക്ക് വേലവിലക്കിക്കൊണ്ട് ഉത്തരവാക്കുകയും ടി വേലവിലക്ക് കാലം ദീർഘിപ്പിച്ചു കിട്ടുന്നതിന് 18/11/2021, 23/11/2021 തിയ്യതികളിലെ കത്തുകൾ പ്രകാരം ഈ കാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

ബി) മാനേജർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14(എ) യിലെ ചട്ടം 67(8) പ്രകാരമുള്ള പ്രാഥമിക അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി 25/11/2021-ന് പ്രാഥമിക അന്വേഷണം നടത്തി.അന്വേഷണത്തിൽ ശ്രീമതി.കെ.ഹരിപ്രഭ (U/s), മാനേജർ, പരാതിക്കാർ എന്നിവർ ഹാജരുണ്ടായിരുന്നു. ബന്ധപ്പെട്ട എല്ലാ കക്ഷികളെയും നേരിൽ കേട്ടു. മാനേജരുടെ 23/11/2021 തിയ്യതിയിലെ കുറ്റപത്രത്തിലെയും കുറ്റാരോപണ മെമ്മോയിലെയും ആരോപണങ്ങൾ പ്രധാനാദ്ധ്യാപിക (U/s) നിഷേധിച്ചു എങ്കിലും താഴെ പറയുന്ന വസ്തുതകൾ അന്വേഷണത്തിൽ ബോധ്യപ്പെടുകയുണ്ടായി.

സി) 2019-20 ലെ പി.ടി.എ ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് 19/11/2021 ന് ശ്രീമതി.കെ.ഹരിപ്രഭ, പ്രധാനാദ്ധ്യാപിക (U/s) പ്രധാനാദ്ധ്യാപകയുടെ താൽക്കാലിക ചാർജ്ജ് വഹിക്കുന്ന ശ്രീമതി.എ.ശൈലജയെ ചാർജ്ജ് കൈമാറ്റം ചെയ്യുന്ന വേളയിൽ രേഖാമൂലം അറിയിച്ചിട്ടുള്ളതായി കാണപ്പെട്ടു. എന്നതിനാൽ തന്നെ സ്കൂൾ പി.ടി.എ കമ്മിറ്റിയുടെ ട്രഷറർ എന്ന നിലയിൽ 2019-20 അദ്ധ്യയന വർഷം മുതൽ സ്കൂളിന്റെ പാഠ്യ പാഠ്യേതര കാര്യങ്ങൾക്കായി വിവിധ ഇനങ്ങളിൽ പിരിച്ച തുകയുടെ വരവ് ചെലവ് കണക്കുകളിലെ വിശ്വാസ്യത പി.ടി.എ കമ്മിറ്റിയെ ബോധ്യപ്പെടുത്തുന്നതിൽ പ്രധാനാദ്ധ്യാപികയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടു. കൂടാതെ പി.ടി.എ കമ്മിറ്റിയുടെ അനുമതി ഇല്ലാതെ 2020-21 വർഷത്തിൽ പത്താംതരം പൂർത്തിയാക്കിയ കുട്ടികൾ ടി.സി. വാങ്ങാൻ വരുമ്പോൾ 100/- രൂപ കൊണ്ടു വരണമെന്ന നിർദ്ദേശം പ്രധാനാദ്ധ്യാപിക 07/08/2021-ന് 3.28 പി.എം-ന് വാട്ട്സ് ആപ്പിലൂടെ ക്ലാസ്സ് അദ്ധ്യാപകർക്ക് നൽകിയതായി കാണപ്പെട്ടു. ആയത് പ്രധാനാദ്ധ്യാപികയുടെ ഭാഗത്തു നിന്നുണ്ടായ ചട്ടവിരുദ്ധമായ പ്രവർത്തിയാണ്.

ഡി) 2019-20 അദ്ധ്യയന വർഷം മുതൽ പി.ടി.എ ഫണ്ടിലേക്ക് ലഭിച്ച തുകയുടെ വരവ് ചെലവ് കണക്കുകൾ ഉൾക്കൊള്ളുന്ന പി.ടി.എ ക്യാഷ് ബുക്ക് പി.ടി.എ ജനറൽ ബോഡി നിയോഗിക്കുന്ന ഓഡിറ്റർമാരുടെ പരിശോധനയ്ക്കും വകുപ്പ് തലത്തിലുള്ള പരിശോധനയ്ക്കും വിധേയമാക്കിയാൽ മാത്രമേ പി.ടി.എ ഫണ്ടിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന വിവരം വ്യക്തമാവുകയുള്ളൂ എന്നതിനാൽ 2019-20 അദ്ധ്യയന വർഷം മുതലുള്ള പി.ടി.എ ക്യാഷ് ബുക്ക് പി.ടി.എ കമ്മിറ്റി ട്രഷറർ കൂടിയായ പ്രധാനാദ്ധ്യാപിക ശ്രീമതി. ഹരിപ്രഭ.കെ ഇതുവരെയും എഴുതി പൂർത്തിയാക്കിയിട്ടില്ല എന്നത് വളരെ ഗൗരവകരമായ വീഴ്ച ആയി പ്രാഥമിക അന്വേഷണത്തിൽ കാണപ്പെട്ടു. ഇതു സംബന്ധിച്ച ആധികാരികമായ രേഖകളോ കണക്കോ ബോധിപ്പിക്കുവാൻ വേലവിലക്കിലിരിക്കുന്ന പ്രധാനാദ്ധ്യാപികയായ ശ്രീമതി. ഹരിപ്രഭക്ക് പ്രാഥമിക അന്വേഷണ വേളയിൽ കഴിഞ്ഞതുമില്ല. ഈ സാഹചര്യത്തിൽ പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കന്ററി സ്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ഹരിപ്രഭ.കെ.യുടെ വേലവിലക്ക് കാലം 15 ദിവസത്തിലധികം ദീർഘിപ്പിച്ച് നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14(എ) യിലെ ചട്ടം 67(8) അനുസരിച്ച് മാനേജർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ്

നൽകി.

ഇ) തുടർന്ന് ഈ കാര്യാലയത്തിൽ നിന്നുള്ള ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് ഈ സ്കൂളിലെ 2019-20 വർഷത്തെ പി.ടി.എ വരവ് ചെലവ് കണക്കുകളിൽ ഓഡിറ്റ് നടത്തുവാൻ തീരുമാനിക്കുകയും ഓഡിറ്റിന്റെ ഭാഗമായി ശ്രീമതി. ഹരിപ്രഭ.കെ പ്രധാനാദ്ധ്യാപിക (U/s) സ്കൂൾ പി.ടി.എ യുടെ എക്സ്ഓഫീഷോ ഖജാൻജി എന്ന നിലയിൽ തയ്യാറാക്കി സമർപ്പിച്ച കണക്കുകളും ബില്ലുകളും 09/12/2021-ന് പരിശോധിക്കുകയും ചെയ്തു. പ്രധാനാദ്ധ്യാപിക (U/s) സമർപ്പിച്ച ഈ കണക്കുകളുടെയും ബില്ലുകളുടെയും ആധികാരികത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അടിയന്തിരമായി പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി ജനറൽ ബോഡി യോഗം എന്നിവ ചേർന്ന് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രധാനാദ്ധ്യാപിക (U/s) സമർപ്പിച്ച കണക്കുകൾ ചർച്ച ചെയ്ത് ആയതിൻമേൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും പി.ടി.എ ജനറൽ ബോഡിയോഗവും കൈക്കൊണ്ട തീരുമാനം 7 ദിവസത്തിനകം അറിയിക്കുവാൻ നിർദ്ദേശിച്ച് പ്രധാനാദ്ധ്യാപിക (Incharge) — നും ശ്രീമതി.ഹരിപ്രഭ.കെ, പ്രധാനാദ്ധ്യാപിക (U/s)-നും ബന്ധപ്പെട്ട സ്കൂൾ അധികൃതർക്കും ഈ കാര്യാലയത്തിൽ നിന്നും 16/12/2021-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകി. ഈ കത്തിന് മറുപടിയായി പ്രിൻസിപ്പാൾ സമർപ്പിച്ച കത്തിൽ പി.ടി.എ പ്രസിഡന്റിന്റെ സഹോദരൻ ഹോസ്പിറ്റലിൽ ചികിത്സയിലായതിനാൽ പി.ടി.എ കമ്മിറ്റി കൂടി തീരുമാനം അറിയിക്കുന്നതിന് രണ്ടാഴ്ചത്തെ സമയം ആവശ്യപ്പെടുകയാണ് ചെയ്തത്.

എഫ്) ശ്രീമതി. ഹരിപ്രഭ.കെ പ്രധാനാദ്ധ്യാപിക (U/s) ബന്ധപ്പെട്ട കണക്കുകൾ തയ്യാറാക്കി സമർപ്പിച്ചു കഴിഞ്ഞതിനാലും പി.ടി.എ കമ്മിറ്റി യോഗം കൂടി ടി കണക്കുകൾ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകി കഴിഞ്ഞിട്ടുള്ളതിനാലും തുടർന്നും ഇവരെ വേലവിലക്കിൽ തന്നെ നിർത്തുന്നത് നീതിപൂർവ്വമല്ലെന്ന് കണ്ടതിനാൽ ഇവർക്കെതിരെയുള്ള അച്ചടക്കനടപടി നിലനിർത്തിക്കൊണ്ടു തന്നെ ടി അദ്ധ്യാപികയെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ തിരിച്ചെടുക്കുന്നതിന് 06/01/2022-ലെ കത്ത് പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകി. 06/01/2022-ലെ നിർദ്ദേശത്തിനെതിരെ മാനേജർ ബഹു.ഹൈക്കോടതിയിൽ 1772/2022 നമ്പറായി സിവിൽ റിട്ട് ഹർജിയും സർക്കാർ മുമ്പാകെ റിവിഷൻ ഹർജിയും ഫയൽ ചെയ്തു.

ജി) ഇതിനിടെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ഹരിപ്രഭ.കെ കൈകാര്യം ചെയ്ത 2019 മുതൽ നവംബർ 2021 വരെയുള്ള പി.ടി.എ വരവ് ചെലവ് കണക്കുകൾ സ്കൂൾ അധികൃതർ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ പരിശോധനക്ക് വിധേയമാക്കുകയും ആയതിന്റെ ഓഡിറ്റ് റിപ്പോർട്ട് 21/01/2022-ന് പി.ടി.എ കമ്മിറ്റി കൂടി പരിശോധിക്കുകയും 600316/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നതായി പി.ടി.എ കമ്മിറ്റിക്ക് ബോധ്യപ്പെട്ടതായി അറിയിച്ചുകൊണ്ട് ടി സ്കൂൾ പ്രിൻസിപ്പാൾ 21/01/2022-ലെ കത്ത് പ്രകാരം ഈ കാര്യാലയത്തെ അറിയിക്കുകയുണ്ടായി.

എച്ച്) ഇതിനിടെ 06/01/2022-ലെ നിർദ്ദേശം നടപ്പിലാക്കുന്നതിന് സാവകാശം തേടിക്കൊണ്ട് മാനേജർ ഈ കാര്യാലയത്തിലേക്ക് കത്തുകൾ സമർപ്പിച്ചിരുന്നു. എന്നാൽ ഈ വിഷയം ബഹു.കോടതിയുടെയും സർക്കാരിന്റെയും പരിഗണനയിലായതിനാൽ ഈ കാര്യാലയത്തിൽ നിന്നും തുടർ നിർദ്ദേശം നൽകുവാൻ കഴിയുകയില്ലെന്ന് മാനേജരെ 14/02/2022-ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

5. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട

ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ഒന്ന്) എക്സിബിറ്റ്.പി.8-ൽ ഹർജിക്കാരനായ മാനേജറുടെ ആവശ്യം അഞ്ചാമത്തു എതിർകക്ഷിയ്ക്കെതിരെയുള്ള അച്ചടക്കനടപടിയിന്മേൽ അന്തിമ തീരുമാനമാകുന്നതുവരെ സസ്പെൻഷൻ ദീർഘിപ്പിക്കാൻ അനുമതി നല്കണമെന്നും അഞ്ചാമത്തു എതിർകക്ഷിയെ തിരിച്ചെടുക്കാൻ പാലക്കാട് ഡി.ഡി നല്കിയ ഉത്തരവ് അസ്ഥിരപ്പെടുത്തണമെന്നുമാണ്. ഈ ആവശ്യങ്ങൾ എന്തുകൊണ്ട് അനുവദിക്കാനാകില്ലെന്നതിന് അഞ്ചാമത്തു എതിർകക്ഷി ഉന്നയിക്കുന്ന തടസ്സവാദം ഇനിപ്പറയും വിധമാണ്:-

എ) അഞ്ചാമത്തു എതിർകക്ഷി പി.റ്റി.എ ഫണ്ട് ദുരുപയോഗം ചെയ്തുവെന്നും അതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും ഉള്ള പ്രധാന കാരണങ്ങളാലാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്. പി.റ്റി.എ ഫണ്ട് കൈകാര്യം ചെയ്യേണ്ടതും ഓഡിറ്റ് നടത്തേണ്ടതും 25.06.2007 ലെ ജി.ഒ(എം.എസ്) 126/07/ പൊ.വി.വ നം. ഉത്തരവു പ്രകാരമാണ്. [അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിർദ്ദേശങ്ങളുടെ പ്രസക്തഭാഗം മുകളിൽ ഖണ്ഡിക 2 ഉപഖണ്ഡിക 2-ൽ അഞ്ചാമത്തു എതിർകക്ഷി ഉദ്ധരിച്ചിട്ടുള്ളത് കാണാവുന്നതാണ്.] പ്രസ്തുത ഉത്തരവു പ്രകാരം പി.റ്റി.എ ഫണ്ട് ഓഡിറ്റ് ചെയ്യേണ്ടത് രക്ഷാകർത്താക്കളും പി.റ്റി.എ അംഗങ്ങളും അടങ്ങുന്ന ഒരു കമ്മറ്റി ആണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെ അപ്രകാരം ഒരു കമ്മറ്റി ഓഡിറ്റ് നടത്തിയെങ്കിലും അതിൽ അഞ്ചാമത്തു എതിർകക്ഷിയെ കുറ്റക്കാരിയാണെന്ന കണ്ടെത്തിയിട്ടില്ലെന്നതിനാൽ സസ്പെൻഷനും അച്ചടക്കനടപടിയും ന്യായീകരിക്കത്തക്കതല്ല.

ബി) 2019-20 കാലയളവിലെ അക്കൗണ്ടുകളിലാണ് കുറ്റമാരോപിക്കുന്നത്. പ്രസ്തുത കാലയളവിൽ പി.റ്റി.എ സെക്രട്ടറി അഞ്ചാമത്തു എതിർകക്ഷിയല്ല. 2018 മുതൽ സ്കൂൾ ഹയർസെക്കന്ററിയായി അപ് ഗ്രേഡ് ചെയ്തതുമൂലം പ്രിൻസിപ്പലിനാണ് സെക്രട്ടറി സ്ഥാനമുള്ളത്. അതുകൊണ്ട്, പ്രസ്തുത കാലയളവിൽ ക്രമക്കേടുകൾ ഉണ്ടെങ്കിൽ തന്നെ അഞ്ചാമത്തു എതിർകക്ഷിയെ കുറ്റപ്പെടുത്താനാകില്ല.

സി) ശ്രീമതി. ഹരിപ്രഭ.കെ.യെ മാനേജർ 18/11/2021 ലെ Discp/A1/21 നമ്പർ ഉത്തരവ് പ്രകാരം 15 ദിവസത്തേക്ക് വേലവിലക്കിക്കൊണ്ട് ഉത്തരവാക്കുകയും വേലവിലക്ക് കാലം 15 ദിവസത്തിലധികം ദീർഘിപ്പിച്ച് നൽകുന്നതിന് പാലക്കാട് ഡി.ഡി യോട് ആവശ്യപ്പെടുകയും മാനേജർക്ക് അതിനുള്ള അനുമതി നൽകുകയുമുണ്ടായി. പക്ഷെ, അനുമതി ലഭിച്ചതിനുശേഷം അതിൻ പ്രകാരം വേലവിലക്ക് കാലം 15 ദിവസത്തിലധികം ദീർഘിപ്പിച്ച് കൊണ്ട് മാനേജർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഫലത്തിൽ സസ്പെൻഷൻ 18/11/2021 മുതൽ 15 ദിവസത്തേയ്ക്ക മാത്രമേ ഉണ്ടായിരുന്നുള്ളൂ.

രണ്ട്) മേല്പറഞ്ഞ വാദഗതികൾ പരിശോധിച്ചു. മുകളിൽ (ഒന്ന്) (എ) പരിശോധിക്കുമ്പോൾ 25.06.2007 ലെ ജി.ഒ(എം.എസ്) 126/07/ പൊ.വി.വ നം. ഉത്തരവു പ്രകാരമാണ് പി.റ്റി.എ ഫണ്ട് കൈകാര്യം ചെയ്യേണ്ടതും ഓഡിറ്റ് നടത്തേണ്ടതുമെന്ന വസ്തുത വ്യക്തമാണ്. അതനുസരിച്ച്, രക്ഷാകർത്താക്കളും പി.റ്റി.എ അംഗങ്ങളും അടങ്ങുന്ന ഒരു കമ്മറ്റിയാണ് പി.റ്റി.എ ഫണ്ട് ഓഡിറ്റ് നടത്തേണ്ടത്. ഔദ്യോഗിക ഓഡിറ്റ് വേണമെന്നുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3.12 ൽ വ്യവസ്ഥ ചെയ്തതുപോലെ വിദ്യാഭ്യാസ വകുപ്പിലെ അധികാരികളെക്കൊണ്ട് ആകാവുന്നതാണ്. ഇവിടെ, രക്ഷാകർത്താക്കളും പി.റ്റി.എ അംഗങ്ങളും അടങ്ങുന്ന ഒരു കമ്മറ്റി ഓഡിറ്റ്

നടത്തിയെങ്കിലും ക്രമക്കേടുകളുണ്ടെന്ന താല്ക്കാലികറിപ്പോർട്ടും അക്കാര്യത്തിൽ കൃത്യത വരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യവും ഉന്നയിച്ച് പി.റ്റി.എ പ്രസിഡന്റ് ഹർജിക്കാരനായ മാനേജറോട് തുടർന്നു വേണ്ടതായ നടപടികൾ സംബന്ധിച്ച് ആരായുകയാണുണ്ടായത്. പ്രസ്തുത കമ്മറ്റിയുടെ താല്ക്കാലിക റിപ്പോർട്ടും പി.റ്റി.എ പ്രസിഡന്റിന്റെ കത്തും അഞ്ചാമതു എതിർകക്ഷിയെപ്പറ്റിയുള്ള പരാതികളും യഥാസമയം കണക്കുകൾ ഓഡിറ്റ് നടത്തി സൂക്ഷിക്കുന്നതിലുള്ള വീഴ്ചയും അക്കൗണ്ടുകളിലുള്ള ക്രമരാഹിത്യവും വെളിപ്പെടുന്നു എന്ന നിഗമനത്തിൽ അഞ്ചാമതു എതിർകക്ഷിയെ അന്വേഷണവിധേയമായി സസ്പെന്റു ചെയ്യുകയാണുണ്ടായത്. ശേഷം, പി.റ്റി.എ പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പി.റ്റി.എ ഫണ്ട് വരവു ചെലവു കണക്കുകൾ മാനേജർ ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ടു ഓഡിറ്റ് നടത്തിയതായും കാണുന്നു. ഇപ്രകാരം ഓഡിറ്റ് നടത്താൻ 25.06.2007 ലെ ജി.ഒ(എം.എസ്) 126/07/ പൊ.വി.വ നം. ഉത്തരവിൽ അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് നിയമവിധേയമല്ലെന്ന അഞ്ചാമതു എതിർകക്ഷിയുടെ വാദം ശരിവയ്ക്കേണ്ടതായി കാണുന്നു. പക്ഷെ, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയല്ല, നേരേമറിച്ച് മാനേജർക്ക് കുറെക്കാലമായി ലഭിച്ചു വന്നിരുന്ന പരാതികളും പി.റ്റി.എ ഫണ്ട് വരവു ചെലവു കണക്കുകൾ കൃത്യമായി ഓഡിറ്റ് നടത്തി സൂക്ഷിച്ചിട്ടില്ലെന്ന പി.റ്റി.എ പ്രസിഡന്റിന്റെ അറിയിപ്പും സഹപ്രവർത്തകരോടുള്ള മോശമായ പെരുമാറ്റവും അടിസ്ഥാനമാക്കിയാണ് അഞ്ചാമതു എതിർകക്ഷിയുടെ സസ്പെൻഷനും അച്ചടക്കനടപടിയും ഉണ്ടായതെന്ന് സസ്പെൻഷൻ ഉത്തരവിൽ നിന്നും വ്യക്തമാകുന്നു.

മൂന്ന്) മുകളിൽ (ഒന്ന്) (ബി) പരിശോധിക്കുമ്പോൾ, 2019-20 കാലയളവിലെ അക്കൗണ്ടുകളിലാണ് കുറ്റമാരോപിക്കുന്നത് എന്നും പ്രസ്തുത കാലയളവിൽ പി.റ്റി.എ സെക്രട്ടറി അഞ്ചാമതു എതിർകക്ഷിയല്ല എന്നും 2018 മുതൽ സ്കൂൾ ഹയർസെക്കന്ററിയായി അപ് ഗ്രേഡ് ചെയ്തതുമൂലം പ്രിൻസിപ്പലിനാണ് സെക്രട്ടറി സ്ഥാനമുള്ളത് എന്നും, അതുകൊണ്ട്, പ്രസ്തുത കാലയളവിൽ ക്രമക്കേടുകൾ ഉണ്ടെങ്കിൽ തന്നെ അഞ്ചാമതു എതിർകക്ഷിയെ അക്കാര്യത്തിൽ കുറ്റപ്പെടുത്താനാകില്ല എന്നും ഉള്ള വാദമാണുള്ളത്. ഇതിനുള്ള എതിർവാദമായി, സ്കൂൾ ഹയർസെക്കന്ററിയായി അപ് ഗ്രേഡ് ചെയ്തതുമുതൽ പി.റ്റി.എ ഫണ്ട് സംബന്ധമായ കണക്കുവിവരങ്ങൾ പ്രിൻസിപ്പലിനു കൈമാറണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതായി അവകാശപ്പെടുന്നു. മാത്രമല്ല, പി.റ്റി.എ സെക്രട്ടറി സ്ഥാനം പ്രിൻസിപ്പലിനു കൈമാറി ഖജാൻജിയായി മാറിയിട്ടും പി.റ്റി.എ ഫണ്ട് സംബന്ധമായ കണക്കുവിവരങ്ങൾ പ്രിൻസിപ്പലിനു കൈമാറിയിട്ടില്ലെന്നും അവ തന്റെ കസ്റ്റഡിയിൽ തന്നെ സൂക്ഷിക്കാനാണ് അഞ്ചാമതു എതിർകക്ഷി താല്പര്യപ്പെട്ടിരുന്നതെന്നും ഹർജിക്കാരൻ വാദിച്ചിട്ടുണ്ട്. 19.11.2021-നു മാത്രമാണ് കണക്കുകളും മറ്റും അഞ്ചാമതു എതിർകക്ഷി കൈമാറുന്നത് എന്നതിൽ നിന്നും ഈ പ്രസ്താവം ശരിയാണെന്നു ബോദ്ധ്യപ്പെടുന്നു. ആയതിനാൽ പ്രസ്തുത തീയതി വരെ ആരാണോ പി.റ്റി.എ ഫണ്ട് സംബന്ധമായ കണക്കുവിവരങ്ങൾ സൂക്ഷിച്ചിരുന്നത് ആ വ്യക്തിയ്ക്കു തന്നെയാണ് അതിലുള്ള തെറ്റുകുറ്റങ്ങൾക്കുള്ള ഉത്തരവാദിത്വം ഉണ്ടാകുന്നത്. ഇവിടെ, 19.11.2021 വരെ കണക്കുകൾ സൂക്ഷിച്ചിരുന്ന അഞ്ചാമതു എതിർകക്ഷി യ്ക്ക് ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയാനാകില്ല. അതുകൊണ്ട് മുകളിൽ (ഒന്ന്) (ബി) യിലെ വാദത്തിൽ കഴമ്പില്ല.

നാല്) മുകളിൽ (ഒന്ന്) (സി) പരിശോധിക്കുമ്പോൾ, 18.11.2021 ലെ തന്റെ സസ്പെൻഷൻ ഉത്തരവിൽ പ്രസ്തുത തീയതി മുതൽ 15 ദിവസത്തേയ്ക്ക് മാത്രമാണ് സേവനത്തിൽ നിന്നും മാറ്റി നിർത്തുന്നതെന്ന് മാനേജർ വ്യക്തമാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ പ്രസ്തുത 15 ദിവസം

അവസാനിക്കുന്നതായ ദിവസമോ അതിനുള്ളിലോ സസ്പെൻഷൻ ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ശിക്ഷാധികാരിയായ മാനേജർ നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത 15 ദിവസത്തിനുശേഷം സസ്പെൻഷൻ നിലവിലില്ല എന്ന സാഹചര്യം നിയമപരമായി നിലവിൽ വരുന്നതാണ്. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം. 67(8) പ്രകാരം ഉള്ള ഡി.ഡി. യുടെ ഉത്തരവ് സസ്പെൻഷൻ ദീർഘിപ്പിക്കുന്നതിന് മാനേജർക്ക് അനുമതി നൽകിക്കൊണ്ടുള്ളതു മാത്രമാണ്. ആയത് സസ്പെൻഷൻ ദീർഘിപ്പിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവല്ല. അതുകൊണ്ട്, അനുമതി ലഭിച്ചു കഴിഞ്ഞാൽ അതനുസരിച്ച് മുമ്പ് മാനേജർ 15 ദിവസത്തേയ്ക്കു പരിമിതപ്പെടുത്തി നല്കിയിരുന്നതായ സസ്പെൻഷൻ ദീർഘിപ്പിച്ചുകൊണ്ട് മാനേജർ പുതിയ ഉത്തരവ് പുറപ്പെടുവിക്കാത്തപക്ഷം സ്വാഭാവികമായും പ്രസ്തുത 15 ദിവസത്തിനുശേഷം സസ്പെൻഷൻ നിയമപരമായി നിലവിലില്ല . അപ്രകാരം സസ്പെൻഷൻ ദീർഘിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് നല്കപ്പെട്ടിട്ടുണ്ടെന്ന് മാനേജർക്ക് വാദവുമില്ല. ഇക്കാരണങ്ങളാൽ അഞ്ചാമതു എതിർകക്ഷി മുകളിൽ (ഒന്ന്) (സി) ഉന്നയിച്ചിരിക്കുന്ന വാദങ്ങളിൽ കഴമ്പുണ്ടെന്നു കാണുന്നു.

6. മേല്പറഞ്ഞ നിരീക്ഷണങ്ങളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിധം നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് ഹർജിക്കാരനായ പാലക്കാട് പള്ളിക്കുറുപ്പ്, ശബരി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത പരാമർശം 1(Ext P8) പുന: പരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) പാലക്കാട് ഡി.ഡി.യുടെ എക്സിബിറ്റ്.പി.7 ഉത്തരവ് നിലനിർത്തുന്നു. അഞ്ചാമതു എതിർകക്ഷിയെ തിരിച്ചെടുക്കുന്നത് അന്വേഷണത്തെ ദോഷകരമായി ബാധിക്കുമെന്ന ആശങ്ക പ്രകടിപ്പിച്ചിട്ടുള്ളതിനാൽ അന്വേഷണം തീരുന്നതുവരെ അഞ്ചാമതു എതിർകക്ഷിയെ പ്രസ്തുത മാനേജ്മെന്റിലെ മറ്റു സ്കൂളുകളിലേയ്ക്കു സ്ഥലം മാറ്റി നിയമിക്കുന്ന കാര്യം മാനേജർക്കു പരിഗണിക്കാവുന്നതാണ്.

ബി) 25.06.2007 ലെ ജി.ഒ(എം.എസ്) 126/07/ പൊ.വി.വ നം. ഉത്തരവിലെ ഖണ്ഡിക 3.12 ൽ വ്യവസ്ഥ പ്രകാരം നിയോഗിച്ച ടീമിനെക്കൊണ്ട് വകുപ്പുതല ഓഡിറ്റ് ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് പി.റ്റി.എ പ്രസിഡന്റിനും മാനേജർക്കും പാലക്കാട് ഡി.ഡി. കൈമാറേണ്ടതാണ്.

സി) പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചാർജ്ജുകളിന്മേൽ കൃത്യത വരുത്തി മാനേജർക്ക് വേണമെങ്കിൽ പുതുക്കിയ ചാർജ് മെമ്മോ നല്കാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി തുടർന്ന് രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല .

മാനേജർ, ശബരി ഹയർ സെക്കന്ററി സ്കൂൾ, പള്ളിക്കുറുപ്പ് , പാലക്കാട്.

ശ്രീമതി. ഹരിപ്രഭ, പ്രഥമാദ്ധ്യാപിക, ശബരി ഹയർ സെക്കന്ററി സ്കൂൾ, പള്ളിക്കുറുപ്പ്, , പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 07-04-2022 15:38:03**

സെക്ഷൻ ഓഫീസർ